പ്രവർത്തനമൂലധനം പൂർണ്ണമായി ഇല്ലാതാകുകയും ചെയ്തതിനാലാണ് 22-8-1998 മുതൽ മില്ലിന്റെ പ്രവർത്തനം നിറുത്തിവയ്ക്കേണ്ടിവന്നത്. ഈ സ്ഥാപനത്തിലെ തൊഴിലാളികളെ സർക്കാരിന്റെ അനുമതിയോടുകൂടി ലേ ഓഫ് ചെയ്തുവരുന്നു. 35 വർഷത്തോളം പഴക്കമുള്ള ഈ സ്ഥാപനത്തിലെ യന്ത്രങ്ങൾ ഭാഗീകമായി മാറ്റി 8054 പുതിയ സ്പിൻഡിലുകൾ വാങ്ങി സ്ഥാപിച്ച് പ്രവർത്തന ക്ഷമത കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്. 12.16 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന റീ-സ്ട്രക്ച്ചറിംഗ് പദ്ധതി നടപ്പാക്കാൻ അനുമതി നല്കിക്കഴിഞ്ഞു. ഇതിനാവശ്യമായ തുകയുടെ ഒരു ഭാഗം, 309 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ബാക്കി 557 ലക്ഷം രൂപ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യും. കൂടാതെ 'KIRF' ബോർഡിൽനിന്നും ലഭിക്കേണ്ടതായ 340 ലക്ഷം രൂപ വായ്പായി അനുവദിക്കുന്ന കാര്യവും ഈ സ്ഥാപനത്തെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിനോട് ലയിപ്പിക്കണമെന്ന് 'KIRF' ബോർഡിന്റെ നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലാണ്. കഴിയുന്നതും വേഗം ഈ മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നുത്.

(18) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കെതിരെ റവന്യൂ റിക്കവറി നടപടി

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, കടലിലും കായലിലും പണിയെടുക്കുന്ന മൽസ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. കാരണം, മൽസ്യം ലഭിക്കുന്നില്ല. ഇപ്പോൾ അയല ലഭിക്കേണ്ടതാണ്, അയല ഇല്ല. മത്തിയാണെങ്കിൽ കുറച്ച് കിട്ടുന്നു. മൽസ്യബന്ധനത്തിനുള്ള ചെലവ് ഭയങ്കരമാണ്. മൽസ്യത്തൊഴിലാളികൾ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്. അതേ സമയത്ത് ഭവനവായ്പയുടേയും വള്ളം, വല, എഞ്ചിൻ എന്നീ വായ്പയുടേയുമൊക്കെ റിക്കവറി ഇപ്പോൾ നടത്തുകയാണ്. ഈ റിക്കവറി നടപടികൾ നിറുത്തിവയ്ക്കണം. പട്ടിണി മരണം ഉണ്ടാകാതിരിക്കാൻ അവർക്ക് സൗജന്യ റേഷൻ കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, മൽസ്യമേഖലയിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യോല്പാദനം വർദ്ധിക്കാൻ ഒരുപാട് നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിന്റെ ഫലമായി മത്സ്യോല്പാദനം വർദ്ധിച്ചിട്ടുമുണ്ട്. ഉൾക്കടൽ പ്രദേശത്ത് കാണുന്ന ഏട്ട, സ്രാവ് തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. ആഴക്കടൽ കപ്പലുകളുടെ പ്രവർത്തനം പൂർണ്ണമായി നിയന്ത്രിച്ചാൽ ഉൾക്കടൽ മത്സ്യോല്പാദനവും വർദ്ധിക്കുമെന്നതിൽ തർക്കമില്ല. മൽസ്യത്തൊഴിലാളികൾക്കെതിരെ ഫിഷറീസ് വകുപ്പ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഹഡ്കോയുടെ സഹായത്തോടെ മൽസ്യഫെഡിൽനിന്നും വർഷങ്ങൾക്ക് മുൻപ് നൽകിയ വായ്പയുടെ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly